ചെറുകഥ

ജോയിക്കുട്ടി, ഡിട്രോയിറ്റ്

# അമേരിക്കൻസിന്റെ അടിപൊളി ജീവിതം

**അ**വർ രണ്ടു ദിവസം കൂടി കഴിഞ്ഞാൽ ഇവിടെയെത്തും. അവർ ആരാണെന്ന് അറിയത്തില്ല. അവിടെ താമസിക്കുന്ന അമ്മാമ്മയുടെ അമ്മാമ്മയാണെന്നു മാത്രം അറിയാം.

അമ്മാമ്മ എന്ന പദം ആദ്യമായ് കേട്ടപ്പോൾ അത്ഭുതം കൂറി. ജേഷ്ഠത്തിയെ ഇവിടെ ചേച്ചീ പദമാണല്ലോ ഉപയോഗിക്കുന്നത്. അവർ തെക്കരാണ്. അവരുടെ ക്രിസ്ത്യാനികൾ ചേച്ചീ എന്നതിനു പകരം അമ്മാമ്മയെന്നായിരിക്കും ഉപയോഗിക്കുന്നത്.

അവരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അവിടുത്തെ അമ്മാമ്മ പറഞ്ഞുള്ള അറിവേ ഉള്ളു.

അവരുടെ അപ്പനും അമ്മയും മരിച്ചു പോയി. അവർ ജേഷ്ഠത്തിയും അനുജത്തിയും മാത്രമേ ഉള്ളു എന്നും അവിടുത്തെ അമ്മാമ്മ പറഞ്ഞറിഞ്ഞു. അവിടുത്തെ അമ്മാമ്മയെ കെട്ടിച്ചയച്ചശേഷം അവർ ഇവിടെ താമസമാക്കി. കഴിഞ്ഞപ്രാവശ്യം അവരുടെ അമ്മാമ്മ നാട്ടിൽ വന്നപ്പോൾ അവക്കിവിടം ഇഷ്ടപ്പെട്ടു. അങ്ങിനെ അനുജത്തിയുടെ അടുക്കൽ ഒരു വീടുവെക്കാൻ ആഗ്രഹിച്ചു.

അവരുടെ അമ്മാമ്മ അങ്ങ് അമേരിക്കയിലാണ്, കോടീശ്വരിയാണ്. ഒരാണും ഒരു പെണ്ണും മക്കളായിട്ടുണ്ട്. രണ്ടുപേരും ഡോഷ്ടറന്മാണ്. രണ്ടുപേരേയും കല്യാണം കഴിച്ചിരിക്കുന്നതും ഡോഷ്ടറന്മാരാണ്. ഇപ്പോൾ വാദ്ധ്യകാല ജീവിതം വിശ്രമിച്ച് ജീവിക്കുകയാണ്. അപ്പോൾ വല്ലപ്പോഴും നാട്ടിൽ വരുമ്പോൾ താമസിക്കാനായി പുത്തനായി പണി കഴിപ്പിച്ചതാണ് ഈ ബംഗ്ലാവ്. അമേരിക്കൻ രീതിയിൽ എല്ലാ സംവിധാനങ്ങളോടും കൂടി പണി കഴിപ്പിച്ചതാണ്. ഇതെല്ലാം അവിടുത്തെ അമ്മാമ്മ പറഞ്ഞറിഞ്ഞതാണ്.

പുത്തൻവീട്ടിൽ വന്നാൽ തീരെക്കുറഞ്ഞത് ആറുമാസമെങ്കിലും താമസിക്കും എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ലല്ലോ. അപ്പോൾ ആറു മാസം അവിടെ സുഖമായി ജോലി ചെയ്യ്ത് ജീവിക്കാമല്ലോ എന്ന് ആരും കണക്കുകൂട്ടുമല്ലോ. ശമ്പളമായ് ഇഷ്ടംപോലെ കൈനിറയെ. പിന്നെ കിമ്പളം വേറെ. നല്ല നല്ല ഭക്ഷണങ്ങൾ എല്ലാ ദിവസവും വയറു നിറയെ. കൂടാതെ അവരുടെ വിലകൂടിയ ടെലിവിഷനും വീഡിയോയും എല്ലാം എപ്പോഴും കാണാം. ഇപ്പോഴും സംഗീതം അലതല്ലി നിൽക്കുന്ന വീടായിരിക്കുമല്ലോ. വിദേശസൗരഭ്യപൂരിതമായ ഭവനത്തിലെ ജീവിതം. എല്ലാംകൊണ്ടും ഒരു കൊച്ചു സ്വർഗ്ഗം. ഉടനെ തന്നെ ഇതെല്ലാം അനുഭവിക്കാൻ പോവുകയാണല്ലോ. അല്ലേലും താൻ ഭാഗ്യവതിയാണ്. പിന്നെ അവിടുത്തെ അച്ചായനെ ഒന്ന് കടക്കണ്ണ് എറിഞ്ഞാൽ വല്ലതും വേറെയും കിട്ടുമല്ലോ.

വെറുതെ കടക്കണ്ണു മാത്രമേയുള്ളു. അതിനപ്പുറം യാതൊന്നും നടക്കത്തില്ല. ഇവിടെ തന്നെ ഇക്കണ്ട ആണുങ്ങളെല്ലാം തന്റെ കടക്കണ്ണിന് തുമ്പത്തു നിന്ന് നൃത്തം ചെയ്യുന്നത് അനുദിനം കണ്ടുകൊണ്ടിരിക്കുകയാണെല്ലോ. അതിനപ്പുറം ഒന്നും താൻ ഒരു ദേവേന്ദ്രനു പോലും സമ്മതിക്കത്തില്ല. പലരും പല വിധത്തിലും പരിശ്രമിച്ചിട്ടുണ്ട്. ദേഹത്തു തൊടാൻ ഒരുത്തനേയും ഒരിക്കലും സമ്മതിച്ചിട്ടില്ല. അതു കുറച്ചുള്ള കളി മതി.

ഞങ്ങളുടെ ഇവിടെ ചേട്ടായി എന്നു പറയുന്നതാണ് തെക്ക് അച്ചായൻ എന്നു മനസ്സിലാക്കി. ഇവിടെ ആരും ആരേയും അച്ചായാ എന്നു വിളിച്ചു കേട്ടിട്ടില്ല. എന്തു കുന്തമായാലും വേണ്ടില്ല. സ്വർഗ്ഗസുഖം അനുഭവിച്ച് ജീവിക്കണം.

അമ്മ പോലും പലപ്പോഴും പറഞ്ഞ് പഠിപ്പിച്ചിട്ടുണ്ട്: നമ്മൾക്ക് നഷ്ടവും തേയ്മാനവും വരാത്ത എന്തും ചെയ്യതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. ഇവിടെ ചുറ്റിനും പണക്കാരുടെ നടുവിലാണ് താമസിക്കുന്നത്. ഒരു പുലയിപെണ്ണാണെന്ന് ആരും കണ്ടാൽ പറയത്തില്ല. അങ്ങേ വീട്ടിലെ മുതലാളിയുടെ മകളാണെന്നാണ് പലരും പറയുന്നത്. ആയാലെന്താ കുഴപ്പം! അങ്ങേര് കുറച്ചു സ്ഥലവും വീടും വെച്ചു തന്നിട്ടില്ലേന്നാണ് അമ്മേടെ ഭാഷ. അമ്മേ ഇപ്പം കണ്ടാലും ഒരു കൊച്ചു സുന്ദരിയാണ്. അപ്പൻ ഇതൊന്നും കണ്ടില്ല കേട്ടില്ല എന്നു നടിച്ചു കളയും. എങ്ങിനേയും എന്നും കഞ്ഞി കുടിച്ച് കഴിയുന്നുണ്ടല്ലോ എന്നാണ് അപ്പന്റെ രീതി.

ഞങ്ങൾ ഇപ്പോൾ പുലയരല്ല. അതെല്ലാം പണ്ടത്തെ കഥകൾ. ഞങ്ങൾ ഇപ്പോൾ ക്രിസ്ത്യാനികളാണ്. എന്നെ കണ്ടാൽ തന്നെ നല്ല ഒരു ക്രിസ്ത്യാനിപെണ്ണല്ലന്ന് ആരെങ്കിലും പറയുമോ!

അപ്പോൾ അമേരിക്കക്കാരു വന്നാൽ തീർച്ചയായും എനിക്കവിടെ ജോലി കിട്ടും. യാതൊരു സംശയവുമില്ല. അവിടുത്തെ അമ്മാമ്മ വേണ്ട ശുപാശ് ചെയ്യാമെന്നേറ്റിട്ടുണ്ട്. ചുമ്മാതല്ല; സമയം കിട്ടുമ്പോഴെല്ലാം ആ അമ്മാമ്മയെ എല്ലാ കാര്യത്തിലും സഹായിക്കാറുണ്ട്. അവിടുത്തെ അച്ചായനെ ഒന്നു കടക്കണ്ണെറിയാമെന്ന് പലപ്പോഴും കരുതിയിട്ടുണ്ടെങ്കിലും ഇതുവെരെ സാധിച്ചിട്ടില്ല. അതികാലത്ത് അദ്ദേഹം വീട്ടിൽ നിന്നു പോയാൽ രാത്രി വളരെ വൈകിയേ വരികയുള്ളു. രാത്രിയായാൽ വീട്ടിൽ നിന്ന് വെളിയിൽ വിടുകയില്ല. രാവിന്റെ ഇരുളിന്റെ മറവിലാണ് എല്ലാ വേണ്ടാതിനങ്ങളും നടക്കുന്നതെന്നാണ് അമ്മ പറയാറുള്ളത്. അമ്മയുടെ അനുഭവത്തിൽ നിന്നായിരിക്കുമല്ലോ അമ്മ പറയുന്നത്.

പാവാട ഉടുത്തു നടക്കുന്നെങ്കിലും ഞാനത്ര കൊച്ചുകുട്ടിയൊന്നുമല്ല. ഇരുപതു വയസ്സായി. ആകെ കൂടെ ഉടുക്കാൻ ഒരു സാരിയുണ്ട്. അതുടുത്താണ് പള്ളിയിൽ പോകുന്നത്. അപ്പോൾ കാണാൻ എന്തു ചന്തമാണെന്നറിയാമോ! ചെറുപ്പക്കാരു മാത്രമല്ല വൃദ്ധന്മാരു പോലും നോക്കി കൊതിവിടുന്നതു കണ്ടിട്ടുണ്ട്. ഇവക്കൊക്കെ നാണമില്ലാത്തതാണ് അത്ഭുതം. പടുകിളവന്മാർ, തൊണ്ണൂറും അതിനപ്പുറവും പ്രായമുള്ള കിളവന്മാർ, നോക്കി നിൽക്കുന്നതു കണ്ടാൽ - ഇപ്പം കയ്യിൽ കിട്ടിയാൽ പിടിച്ചു തിന്നുകളയുമെന്നു തോന്നും. ചിലരുടെ ആർത്തിയോടുള്ള നോട്ടം കണ്ടാൽ നാണം വന്നു പോകും.

രാത്രിയും പകലും പലപല സുന്ദര സ്വപ്നങ്ങളും കണ്ട് സമയം നീങ്ങിയതറിഞ്ഞില്ല. വേറുതെയിരിക്കുന്നവക്ക് സ്വപ്നം കാണാൻ വല്ല

പഞ്ചവുമുണ്ടോ! വീട്ടിലെ സാമ്പത്തിക നിലവാരം ശരിയല്ലാത്തതാണ് തുടന്ന് പഠിക്കാൻ പോകാതായത്. ഹൈസ്ക്കൂൾ ക്ലാസ് റാങ്കോടു കൂടെ പാസായതാണ്. പഠിക്കാനും മിടുക്കിയാണ്. പക്ഷേ, പണമില്ല. എന്നിട്ടും കവലേൽ പ്രൈവറ്റായി സ്ക്കൂൾ നടത്തുന്ന സാർ പറഞ്ഞതാണ് സൗജന്യമായ് പഠിപ്പിക്കാമെന്ന്. തനിക്കും സമ്മതമായിരുന്നു. സാറിന്റെ കച്ചവടക്കണ്ണ് അപ്പന് നല്ലവണ്ണം മനസ്സിലായി. പ്രായപൂർത്തിയായ കാണാൻ കൊള്ളാവുന്ന പഠിക്കാൻ മിടുക്കിയായ ഒരു പെണ്ണിനെ പള്ളിക്കൂടത്തിൽ സൗജന്യമായ് പഠിപ്പിക്കാൻ മുൻനിരയിൽ ഇരുത്തിയാൽ അതിന്റെ പുറകിൽ ഇരിക്കാൻ ഇഷ്ടം പോലെ ആൺപിള്ളാരെ കിട്ടുമല്ലോ. ചക്കാത്തു പഠിത്തം വേണ്ടന്ന് അപ്പൻ തീരുമാനിച്ചു.

എങ്ങിനെയെങ്കിലും നേഴ്സിംഗ് പഠിച്ചാൽ കൊള്ളാമെന്നുണ്ട്. അതു പഠിച്ചു പാസായാൽ വിദേശത്തു പോയി ധാരാളം പണമുണ്ടാക്കാമല്ലോ! അതിനും ആരുടെയെങ്കിലും സഹായമില്ലാതെ ഇക്കാലത്തു നടക്കുമോ? ഒരുപക്ഷേ ഇവിടെ താമസിക്കാൻ വരുന്നവർ ഒന്നു കനിഞ്ഞാൽ ആഗ്രഹനിവൃതിയായേക്കും.

അപ്പനും അമ്മയും ജോലിക്കു പോയികഴിഞ്ഞാൽ വെറുതെ വീട്ടിൽ കുത്തിയിരിക്കാം. കഞ്ഞീം കറീം വെയ്പ് നടക്കും. പുരയിടത്തിലെ ജോലിക്കൊന്നും വിടത്തില്ല. അങ്ങേവശത്തേയോ ഇങ്ങേവശത്തേയോ വീടുകളിൽ ആരെങ്കിലും വിരുന്നുകാർ വരുമ്പോൾ ഒരു സഹായത്തിനു വിളിക്കും. അതിൽ വളരെ സന്തോഷം തോന്നും. നല്ല നല്ല ഭക്ഷണം കഴിക്കാം. ചില്ലറ കിട്ടും. അതും പോരാത്തതിന് വിരുന്നു വന്നവർ നല്ലവരാണെങ്കിൽ എന്തെങ്കിലും കിമ്പളവും കിട്ടും. ആ കൂട്ടത്തിൽ വല്ല കിളവന്മാരുണ്ടെങ്കിൽ അവരെ ഒന്നു കണ്ണടിച്ചു കാണിച്ചാൽ ആവഴി വേറേയും കിട്ടും. എല്ലാം കൊണ്ടും കാര്യം നല്ലതാണ്.

നല്ല കൈപുണ്യമാണെന്നും ഉണ്ടാക്കുന്നതെല്ലാം നല്ല രുചിയുള്ളതാണെന്നുമാണ് എല്ലാവരുടേയും അഭിപ്രായം. എല്ലാത്തിലും സ്വല്പം ഉപ്പ് കൂടുതൽ ഇടുന്നതാണ് അതിന്റെ രഹസ്യമെന്ന് അവരറിയുന്നുണ്ടോ!

അല്ലാത്തപ്പോൾ വെറുതെ വീട്ടിൽ ഇരിക്കും. നല്ല പുസ്തകങ്ങൾ കിട്ടിയാൽ ആർത്തിയോടെ വായിക്കും. അതിലെ കഥകൾ വായിച്ച് നെടുവീർപ്പിട്ടിരിക്കും. ആ കഥകളിൽ വായിക്കുന്നതുപോലെ ആരെയെങ്കിലും പ്രേമിക്കണമെന്നാഗ്രഹമുണ്ട്. പക്ഷേ ഒന്നും ഒത്തു കിട്ടുന്നില്ല. ആരേയും ഇക്കണ്ടകാലത്തു വിശ്വസിക്കാനും വയ്യ. ഈ ആൺ വർഗ്ഗം പ്രേമമെന്ന പേരും പറഞ്ഞ് വന്ന് കാര്യം കണ്ട് സ്ഥലം വിടും. അല്ലങ്കിൽ പിഴപ്പിച്ചു കളയും. അതുമല്ലങ്കിൽ നശിപ്പിച്ചു കളയും.

പലദിവസവും വീട്ടിൽ തനിയെ ഇരിക്കുമ്പോൾ വേലിക്കൽ ആരെങ്കിലും വന്നു നിന്ന് ചൂളമടിക്കും. പലപ്രാവശ്യവും ജനലിന്റെവിടവിൽ കൂടെ ഒളിഞ്ഞു കണ്ടിട്ടുണ്ട്. ഒന്നു രണ്ടു പ്രാവശ്യം വെളിയിൽ ഇറങ്ങിച്ചെന്ന് ശബ്ദമുയർത്തി സംസാരിച്ചപ്പോൾ ഓരോരുത്തർ ജീവനുംകൊണ്ടോടി. അവരുടെ നാണംകെട്ട പോക്കു കണ്ട് ചിരി വന്നിട്ടുണ്ട്.

ഈ പ്രായം അപകടം പിടിച്ചതാണെന്ന് അമ്മ പലപ്പോഴും പറഞ്ഞിട്ടുണ്ട്. പക്ഷേ, ഇപ്പോൾ അതു കഴിഞ്ഞു. അപകടം പിടിച്ച പ്രായം കഴിഞ്ഞു. എന്നാലും പെണ്ണായാൽ സൂക്ഷിക്കേണ്ടതാണ്. എപ്പോഴാണ് എതിലെയാണ് അപകടം വരുന്നതെന്നറിയത്തില്ലല്ലോ. 'മുള്ളു വന്ന് ഇലേൽ വീണാലും ഇല വന്ന് മുള്ളേൽ വീണാലും ഇലയ്ക്കല്ലേ കേടു പറ്റൂ! ഇപ്പോൾ പണ്ടത്തെപ്പോലെ ഓടീം ചാടീം നടക്കാറില്ല. പുഴയിൽ തന്നെ പോയ് കുളിക്കാറില്ല. അമ്മ കൂടെയില്ലാതെ തനിയെ പുഴയിൽ കുളിക്കാൻ പോകാത്തില്ല.

ഒരിക്കൽ അപ്പനും അമ്മേം ജോലിക്കു പോയ നേരം; ഉച്ചസമയം, മറപ്പുരയിൽ നിന്ന് കുളിക്കുകയായിരുന്നു. അപ്പോഴുണ്ട് ഒരുത്തൻ ശബ്ദമുണ്ടാക്കാതെ അവിടെ വന്ന് ഓലയ്ക്കിടയിൽ വിടവുണ്ടാക്കി ഒളിഞ്ഞു നോക്കുന്നു. 'വീട്ടിൽ പോയി നിന്റെ അമ്മേനേ ഒളിഞ്ഞുനോക്കെടാ' എന്നു പറഞ്ഞ് ഒരു തൊട്ടി വെള്ളംഎടുത്ത് അവന്റെ മോത്തോട്ടൊഴിച്ചു - ജീവനും കൊണ്ട് അവൻ പോയ വഴിക്ക് പുല്ലും ഇല്ല പൂടയും ഇല്ല.

ഒരു വിധത്തിൽ കൂടെ മനുഷ്യനെ ജീവക്കാൻ സമ്മതിക്കത്തില്ല. അപ്പനും അമ്മേം വലിയ ഒരു വെട്ടരിവാളും എടുത്ത് വാതുൽക്കൽ നിൽക്കുന്നതു കാണുമ്പോഴേ ഓരോരുത്തന്റെ മലമൂത്രം വെളിയിൽ ചാടും. അപ്പനേം അമ്മയേയും എല്ലാവനും പേടിയാ. എന്നാലും പെണ്ണായി പിറന്നതുമൂലം സൂക്ഷിക്കേണ്ടതു പെണ്ണു തന്നെയാ. ആനകുഴിയിൽ ആനയെ വീഴ്ത്തുന്നതുപോലെ എപ്പോഴാ വീഴുന്നതെന്നറിയാമേലാ. അപ്പോൾ പെണ്ണുങ്ങൾ കൂടുതൽ സൂക്ഷിക്കേണ്ടവരാണ്. ആണുങ്ങൾ കാണുന്ന ചെളിയിൽ കാലിട്ട് കളിച്ച് അടുത്തുള്ള വെള്ളത്തിൽ കഴുകി കളയും. അതെല്ലാം അവക്ക് ഒരു തമാശ മാത്രം.

സ്വപ്നങ്ങൾ കണ്ടിരുന്ന് സമയം പോയതറിഞ്ഞില്ല. നേരം വെളുക്കാറായ്. ഇന്ന് അവർ വരുന്ന ദിവസമാണല്ലോ. കാലത്തു തന്നെ എഴുന്നേറ്റ് മുഖമെല്ലാം വൃത്തിയാക്കി; പൗഡറിട്ട്, കണ്ണെഴുതി എല്ലാം കഴിഞ്ഞ് കണ്ണാടിയിൽ നോക്കിയപ്പോൾ അവൾ ആകെ കൊച്ചു സുന്ദരിയായിരിക്കുന്നു.

കണ്ണാടി എന്നു പറഞ്ഞപ്പോഴാണ്: ഈ കൂരയിൽ നല്ല ഒരു കണ്ണാടി വാങ്ങി വെച്ചിട്ടില്ല. അങ്ങേ വീട്ടിലെ കണ്ണാടി പൊട്ടി അവർ കളയാൻ വെച്ചത് എടുത്തു കൊണ്ടു വന്നതാണ് കണ്ണാടിയായി ഉപയോഗിക്കുന്നത്. സത്യം പറഞ്ഞാൽ ഒരിക്കൽ അവിടെ പോയപ്പോൾ മനപ്പൂർവ്വം അവരുടെ കണ്ണാടി അവർ കാണാതെ പൊട്ടിച്ചതാണ്. അല്ലാതെ ചോദിച്ചാൽ അവർ തരുമോ അവരുടെ നല്ല ഒന്നാം തരം കണ്ണാടി. ആ പൊട്ട കണ്ണാടിയുടെ തന്നെ ആവശ്യം ഈ വീട്ടിലില്ല. ഇവിടെ ആർക്കും കണ്ണാടിയുടെ ഉപയോഗമില്ലല്ലോ. ഒരു പെണ്ണ് പ്രായമായ് വരികയാണെന്ന വിചാരം ഇവിടാർക്കും ഇല്ല. പെണ്ണുങ്ങൾ കണ്ണാടിയുടെ മുൻപിൽ നിന്ന് സമയം കളയുന്നത് നല്ല ലക്ഷണമല്ലന്നാണ് അമ്മേന്റെ ശാസ്ത്രം.

അവർ വരുന്നതിനു മുമ്പ് അവരുടെ പുത്തൻ വീടിന്റെ മുറ്റമെല്ലാം തൂത്തു വൃത്തിയാക്കണം. നല്ല വൃത്തിയായി കിടക്കുന്നതു കാണുമ്പോൾ; അതു ചെയ്തത് താനാണെന്നറിയുമ്പോൾ; അവർക്ക് ഒരുപ്രത്യേക താല്പര്യം ഉണ്ടാകുമല്ലോ.

ചൂലുമെടുത്ത് മുറ്റമടിയ്ക്കാൻ തുടങ്ങി. അവർ എപ്പോഴാ വരുന്നതെന്നറിയത്തില്ലല്ലോ. ചിലപ്പോൾ ഉച്ചയ്ക്കായിരിക്കും; അതല്ലങ്കിൽ വൈകുന്നേരം.

എന്തായാലും വിമാനത്താവ

ളം വളരെ അടുത്തായതുകൊണ്ട് അവർ വന്നാൽ പെട്ടന്ന് എത്തിച്ചേരും. എപ്പോൾ വേണമെങ്കിൽ എത്തട്ടെ. എപ്പോഴെത്തിയാലും വളരെ ദൂരെ നിന്ന് ഒരു ചെറിയ കുന്നിന്റെ മുകളിൽ നിൽക്കുന്ന ഈ വീടു കണ്ടാൽ ഒരു പറക്കുന്ന കൊട്ടാരം പോലെ അതി മനോഹരമാണല്ലോ.

എന്നാലും ഇതൊരത്ഭുതം തന്നെയാണ്; ആകാശത്ത് പക്ഷികളെപ്പോലെ വിമാനം പറക്കുക; അതിൽ ആളുകൾ കയറി അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുക. ഇവർക്ക് വിശക്കുമ്പോൾ എന്തു ചെയ്യും? മലമൂത്ര വിസർജ്ജന സമയം എന്തു ചെയ്യും? ഇവർക്കാർക്കും ഒരു പേടിയുമില്ലേ ഇതേൽ കേറി ഇങ്ങിനെ സഞ്ചരിക്കാൻ?

മുറ്റമെല്ലാം തൂത്തുവാരി വൃത്തിയാക്കി കഴിഞ്ഞു. അധികം പ്രയാസമില്ലായിരുന്നു. എല്ലായിടവും ധാരാളം ചരലും മണലും വാരി ഇട്ടതുകൊണ്ട് പെട്ടന്നു കാര്യം സാധിച്ചു. പോരാത്തതിന് അടുത്തെങ്ങും മരങ്ങളും ഇലകളും ഇല്ലാതായതും ഗുരുത്വമായി. അവർ പ്രത്യേകം പറഞ്ഞേല്പിച്ച് ആ മുറ്റത്തിനു ചുറ്റും ധാരാളം ചെടികളും അതു നിറച്ചും പൂക്കളും എല്ലാം കൂടെ അവിടം കാണാൻ വളരെ മനോഹരമായിരുന്നു. ഇങ്ങനെ ആലോചിച്ചു നിന്നപ്പോൾ വലിയ ഒരു കാർ വന്നു.

വീടിന്റെ മുൻപിലത്തെ വാതിൽക്കലായ് കാർ നിന്നു. അങ്ങേ വീട്ടിലെ അമ്മാമ്മയുടെ ഭർത്താവും ആ കാറിൽ ഉണ്ടായിരുന്നു. അവർ രണ്ടുപേർ ചേർന്ന് എടുക്കാൻ വയ്യാത്ത പെട്ടികൾ എടുത്ത് വീട്ടിനകത്ത് വെച്ചു. അവരുടെ കയ്യിലുണ്ടായിരുന്ന വലിയ സഞ്ചികളും വീട്ടിനകത്തു വെച്ചു.

അമേരിക്കയിലെ അച്ചായനും അമ്മാമ്മയും വീടിന്റെ വെളിയിൽ കൂടെ നാലു വശവും നോക്കിക്കണ്ടു. അക്കൂട്ടത്തിൽ ചൂലും പിടിച്ചു നിൽക്കുന്ന തന്നെയും കണ്ടിട്ടും കണ്ട ഭാവം നടിക്കുകയോ ഒന്നും വർത്തമാനം പറയുകയോ ചെയ്തില്ല. അവരെ രണ്ടു പേരേയും കണ്ടിട്ടു പാവങ്ങളാണെന്നു തോന്നുന്നു. പണ്ടാരാണ്ടോ പറഞ്ഞു കേട്ടിട്ടുണ്ട് 'ആൾക്കാർ ഉറങ്ങുമ്പോഴാണ് പാവങ്ങൾ' ശരിയായിരിക്കാം. ചക്കയാണോ കുത്തിതുരന്ന് കൂഴയാണോ വരിക്കയാണോയെന്ന് തിരിച്ചറിയാൻ.

അവരുടെ സാധനങ്ങൾ എല്ലാം വീട്ടിൽ വെച്ചതിനു ശേഷം അവർ അങ്ങേ വീട്ടിലെ അമ്മാമ്മയുടെ വീട്ടിൽ പോകുന്നതു കണ്ടു. പ്രാതൽ കഴിക്കാനായിരിക്കും. അമേരിക്കയിൽ നിന്നു വന്ന ഉടനെ വീട്ടിൽ ഭക്ഷണം പാകം ചെയ്ത് കഴിക്കുക പ്രയാസമായിരിക്കുമല്ലോ. അന്നത്തെ ദിവസവും അടുത്ത ഒന്നു രണ്ടു ദിവസങ്ങളും അങ്ങേ വീട്ടിലെ അമ്മാമ്മയുടെ അവിടെ നിന്നും ഭക്ഷണവും താമസം പുതിയ വീട്ടിലുമായ് അവർ കഴിച്ചു. അവളെ എപ്പോഴാണ് ജോലിക്കു വിളിക്കുന്നതെന്ന് എന്നു കരുതി അവൾ കാത്തിരിക്കുകയാണ്.

അങ്ങിനെ രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ അമേരിക്കയിലെ അച്ചായൻ ഒരു ഓട്ടോ റിക്ഷായും വിളിച്ചു പോകുന്നതു കണ്ടു. കയ്യിൽ വലിയ രണ്ടുമൂന്നു സഞ്ചികളും ഉണ്ടായിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ കൊണ്ടുപോയ സഞ്ചികൾ നിറച്ച് സാധനങ്ങൾ വാങ്ങി വരുന്നതു കണ്ടു. ഇതെല്ലാം അവളുടെ വീട്ടിലെ ജനലുങ്കൽ ഇരുന്നാൽ ഭംഗിയായി കാണാൻ സാധിക്കുന്ന കാര്യങ്ങളാണ്. ഇനിയും എത്രയും പെട്ടന്ന് അവളെ വിളിക്കുമെന്ന് പ്രതീക്ഷിച്ച് അവൾ കാത്തിരുന്നു. രാത്രിവെരെ കാത്തിരുന്നിട്ടും ആരും വന്ന് വിളിച്ചില്ല. അവൾക്ക് സങ്കടവും ദേഷ്യവും അതികലശലായ് വന്നു. ഇത്രയും പന്ന ആൾക്കാരെ ജീവിതത്തിൽ കണ്ടിട്ടേയില്ലന്ന് അവൾക്കു തോന്നി.

നാളെ വിളിക്കും എന്നു കരുതി ഓരോ ദിവസവും തള്ളി നീക്കി. ദിവസങ്ങളും ആഴ്ചകളും മാസങ്ങളും കഴിഞ്ഞു. പക്ഷേ, അവർ വിളിച്ചില്ല. അവൾക്ക് അവരോട് അതികലശലായി ദേഷ്യം തോന്നി. അവർക്ക് എന്തെങ്കിലും പാരപണിയണമെന്ന് കരുതി. പക്ഷേ, പിന്നീട് അധികം നോക്കി ഇരിക്കേണ്ടി വന്നില്ല. അവസാനം അടുത്ത ദിവസം മുതൽ ജോലിക്കു ചെല്ലാന്നായി അവളോടു പറഞ്ഞു. അത് അവർ മടങ്ങി യാത്രയാകുന്നതിന്റെ രണ്ടു ദിവസം മുൻപാണ് എന്ന് പിന്നീടാണ് അറിഞ്ഞത്.

രണ്ടു ദിവസമെങ്കിൽ രണ്ടു ദിവസം. ആ വീടിന് അകം മുഴുവനും കാണാനും അവരുടെ ജീവിതം കാണാനും സാധിക്കുമല്ലോ. അതു തന്നെ വലിയ കാര്യം. അവൾക്ക് ഭാരിച്ച ജോലികളൊന്നുമില്ല. എല്ലാ ജനലുകളും കതകുകളും കൂടാതെ ഭിത്തിയും എല്ലാം തൂത്തു വൃത്തിയാക്കുക എന്നതു മാത്രമാണ് ജോലി. ചേയ്യേണ്ട ജോലി ചെയ്യുന്ന വിധം എല്ലാം കാണിച്ചു പറഞ്ഞ് വിശദീകരിച്ച് മനസ്സിലാക്കി തന്നു. ബാക്കി എല്ലാ പണികളും അവർ തന്നെയാണ് ചെയ്യുന്നത്.

അവരുടെ ജീവിതം കണ്ട് ആശ്ചര്യം തോന്നിപ്പോയി. ആ അച്ചായനും അമ്മാമ്മയും മക്കളും മരുമക്കളും എല്ലാം കൂടെ അടുക്കളയിൽ കയറി ഭക്ഷണം പാകം ചെയ്യുന്നതിൽ ഏപ്പെടും. അവരവർ ഭക്ഷിച്ച പാത്രങ്ങൾ അവരവർ തന്നെ കഴുകി വൃത്തിയാക്കി വെച്ചിട്ടേ പോകത്തുള്ളു. ആ രണ്ടു മക്കളും രണ്ടു മരുമക്കളും ആ നാലുപേരും അമേരിക്കയിലെ വലിയ ഡോക്ടറന്മാരാണ്. അവർക്ക് അതിനൊന്നും വലിയ നാണക്കേടോ കുറച്ചിലോ ഒന്നുമില്ല.

ഭക്ഷണം പാകം ചെയ്യുന്നതിനെല്ലാം യന്ത്രങ്ങൾ ഉണ്ട്. എല്ലാം അമേരിക്കയിൽ നിന്നും കൊണ്ടു വന്നിട്ടുള്ളതാണ്. അരിയാനും പൊടിയ്ക്കാനും അരയ്ക്കാനും എന്നു വേണ്ട എല്ലാ കാര്യങ്ങൾക്കും യന്ത്രങ്ങൾ ഉണ്ട്. അടുപ്പും പുതിയ ഭാഷനിലുള്ള ഗ്യാസ് അടുപ്പാണ്. നമ്മുടെ നാട്ടിൽ ഒരു ദിവസം കൊണ്ടു തീർക്കേണ്ട എല്ലാ അടുക്കള പണികളും വെറും ഒരു മണിക്കൂറുകൊണ്ട് അവർ തീർക്കും.

ഓരോരുത്തർ ഭക്ഷണം കഴിച്ചു കഴിഞ്ഞശേഷം കഴുകി വെയ്ക്കുന്ന പാത്രങ്ങൾ എല്ലാം ഒരു യന്ത്രത്തിൽ വെച്ച് പിന്നീട് ഒന്നുകൂടി വൃത്തിയായി കഴുകി എടുക്കും. വസ്ത്രങ്ങൾ എല്ലാം അതുപോലെ കഴുകാനും ഉണക്കാനും വേറെ വേറെ യന്ത്രങ്ങൾ ഉണ്ട്. ആ വീടു തന്നെ മുഴുവനും യന്ത്രങ്ങൾ നിറഞ്ഞതാണ്.

വീട്ടിലെ ഓരോ മുറിയിലും ടെലിവിഷനും വീഡിയോയും ഡിജിറ്റൽ വീഡിയോയും പാട്ടുപാടുന്ന യന്ത്രങ്ങളും ഉണ്ട്. പ്രധാന മുറിയിൽ ഒരു വലിയ ടെലിവിഷൻ കണ്ടു. അതിന് നെല്ലോല കനമേയുള്ളു. ഇത്രയും വലിയ ടെലിവിഷൻ അവൾ കണ്ടിട്ടേയില്ല. ആ വീടുമുഴുവനും ശീതളീകരിച്ചിരിക്കുന്നതുമൂലം എപ്പോഴും കതകും ജനലുമെല്ലാം അടച്ചിട്ടിരിക്കുകയാണ്. എല്ലാ മുറിയിലും ഫോൺ. ഒരു മുറിയിൽ നിന്ന് മറ്റൊരു മുറിയിലേക്ക് സംസാരിക്കാനുള്ള

സാവിധാനം; എന്നു വേണ്ട ആ വീടിനകത്തു കയറിയാൽ ഭൂമിയിലെ സ്വഗ്ഗമാണെന്നു തോന്നിപ്പോകും.

ഭക്ഷണമാണെങ്കിൽ ഇല്ലാത്തതൊന്നുമില്ല. ഇത്രയും വിഭവങ്ങൾ ഉണ്ടായിട്ടും എല്ലാവരും വളരെ പരിമിതമായി മാത്രമേ കഴിക്കാറുള്ളു. അല്ലാതെ നമ്മുടെ നാട്ടിലെപ്പോലെ വാരി വലിച്ച് ആരും ഒന്നും കഴിക്കാറില്ല. ആ രണ്ടു ദിവസം അവരുടെ ഭക്ഷണം കഴിച്ചപ്പോൾ കൊതി തോന്നിപ്പോയി. അമേരിക്കയിൽ പോയ് എന്നും ഇതുപോലെ ജിവിച്ചാൽ മതിയെന്നാഗ്രഹിച്ചുപോയി.

കിട്ടിയ സമയത്തിനിടയിൽ പലപ്രാവശ്യം അമേരിക്കയിലെ അച്ചായനെ ഒന്നു ചാക്കിടാൻ പല രൂപത്തിലും പരിശ്രമിച്ചെങ്കിലും എല്ലാം ചീറ്റിപ്പോയ്. എന്തായാലും ഇനിയും അവർ വരുമ്പോൾ തീച്ചയായും എല്ലാ ദിവസവും അവളെ അവിടെ ജോലിക്ക നിത്താനുള്ള എല്ലാ അടവുകളും അവൾ ചെയ്തിട്ടുണ്ട്. എല്ലാവക്കും വളരെ തൃപ്തികരമായി എപ്പോഴും ചിരിച്ചും എന്തു പറഞ്ഞാലും ഭവ്യമായി വിളികേട്ടും അനുസ്സരിച്ചും എല്ലാം അവരെ എല്ലാവരേയും വളരെയധികം പ്രീതിപ്പെടുത്തി. അടുത്ത പ്രാവശ്യം വരുമ്പോൾ തീച്ചയായും അവളെ അവർ വരുന്ന അന്നു മുതൽ അവിടെ ജോലിക്ക നിത്തുമെന്ന് അവൾക്ക് ഉറപ്പായി.

അവർ മടങ്ങി യാത്രയാകുന്ന സമയമായി. രാത്രി ഒരുമണിക്കാണ് വീട്ടിൽ നിന്നും യാത്ര തിരിക്കുന്നത്. ആ രാത്രി മുഴുവനും അവൾ അവിടെ തന്നെ ഉണ്ടായിരുന്നു. വൈകുന്നേരമായപ്പോൾഓരോരുത്തർ അവരുടെ സമയത്തിനും സൗകര്യത്തിനും അവരുടെ മുറികളിൽ കയറി കതകടച്ച് ഉറങ്ങി എഴുന്നേറ്റു. അച്ചായനും അമ്മാമ്മയും ഉൾപ്പെടെ എല്ലാവരും ഇണ ചേന്ന് ശേഷമാണ് ഉറങ്ങിയത്. ആ സമയങ്ങളിൽ അവരുടെ മുറികളിൽ പതിവിലും വലിയ ശബ്ദത്തിൽ പാട്ടുകൾ കേൾക്കാമായിരുന്നു. ഇത്രയും വലിയ ശബ്ദത്തിൽ ഓരോ മുറികളിൽ നിന്നും പാട്ടുകൾ കേട്ടപ്പോൾ വളരെ ആകാംക്ഷാഭരിതയായി അവൾ വളരെ രഹസ്യമായി താക്കോൽ പഴുതിലൂടെ നോക്കിയപ്പോൾ, അരണ്ട വേളിച്ചത്തിൽ കോരിത്തരിപ്പിക്കുന്ന കാഴ്ചകളായിരുന്നു കണ്ടത്.

ഓരോരുത്തരും രണ്ടു മണിക്കൂർ മൂന്നു മണിക്കൂർ ഉറങ്ങിയ ശേഷം എല്ലാവരും അവരവരുടെ കുളിമുറികളിൽ കയറി കുളിച്ച് വൃത്തിയായ ശേഷമാണ് യാത്രാ വസ്ത്രങ്ങൾ അണിഞ്ഞ് പോകാൻ തുടങ്ങിയത്. ഓരോ കിടപ്പു മുറിയുടെ കൂടെ തന്നെ ഓരോ കുളിമുറിയും കക്കൂസും എല്ലാം ഉണ്ട്. അത് അവക്ക് കൂടുതൽ സൗകര്യകരമായിരുന്നു.

യാത്രാവസ്ത്രങ്ങൾ ധരിക്കുന്നതിന് മുൻപ് ഉടുത്തിരുന്ന വസ്ത്രങ്ങൾ മുഴുവനും പരിപൂണ്ണം മാറ്റി പൂണ്ണ നഗ്നരായതിനു ശേഷമായിരുന്നു എല്ലാവരും യാത്രാ വസ്ത്രം ധരിച്ചതെന്ന് അവൾ താക്കോൽ പഴുതിലൂടെ കണ്ടു മനസ്സിലാക്കി. ഈ അമേരിക്കക്കാരുടെ ജീവിതം ഒന്നു വേറെ തന്നെയാണ്. ആവശ്യമില്ലാത്ത നാണോം പൊങ്ങച്ചോം ഒന്നും അവക്കില്ല.

ഓരോരുത്തക്കും ഈ രണ്ടു വലിയ പെട്ടികൾ വീതം ആകെ പന്ത്രണ്ടു പെട്ടികൾ ഉണ്ടായിരുന്നു കാറിൽ കയറ്റാൻ. കൂടാതെ അവരുടെയെല്ലാം കയ്യിൽ ഓരോ ബാഗും. മൂന്നു വണ്ടി നിറച്ച് സാധനങ്ങളും ആൾക്കാരും ആയി. പലപെട്ടികളും വണ്ടികളിൽ കയറ്റാൻ നേരം അവളും കൂടെ സഹായിക്കാൻ ചെന്നെങ്കിലും അവരാരും തന്നെ സമ്മതിച്ചില്ല. എല്ലാ പെട്ടിയും ഉരുട്ടികൊണ്ടു പോകത്തക്കവിധം ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ളതായിരുന്നു. വണ്ടിയുടെ അടുക്കൽ ചെല്ലുമ്പോൾ അവർ ആണുങ്ങൾ ഓരോന്നും തന്നെ പൊക്കി വണ്ടിയിൽ കയറ്റുമായിരുന്നു. ആക്കും അതൊന്നും ഭാരവും പ്രയാസവുമുള്ളതായ് തോന്നിയില്ല. നമ്മുടെ നാട്ടിലുള്ളവർ എല്ലാം ഇക്കാര്യം വല്യ നാണകേടാണന്ന് കരുതി ആവശ്യമില്ലാത്ത ദുരഭിമാനം കാണിക്കുമല്ലോ. ഇതൊന്നും അവരെ സംബന്ധിച്ചില്ലായിരുന്നു.

അവർ ഓരോരുത്തരും വണ്ടിയിൽ കയറി പോകുന്നതിനു മുമ്പ് അമേരിക്കയിലെ അമ്മാമ്മ അവളെ വിളിച്ച് ഇരുന്നൂറു രൂപാ രണ്ടു ദിവസത്തെ കൂലിയായി കൊടുത്തു. അതിനു ശേഷം അമ്മാമ്മയുടെ വക എന്നു പറഞ്ഞ് ഒരു നൂറും കൊടുത്തു. അങ്ങിനെ എല്ലാവരും ചെയ്തു. അമേരിക്കക്കാര് അതിന് ടിപ്പ് എന്നാണ് പോലും പറയുന്നത്. നമ്മൾ കിമ്പളം എന്നാണല്ലോ പറയുന്നത്.

അവർ പോയ്കഴിഞ്ഞപ്പോൾ, അവളുടെ വീട്ടിൽ ചെന്ന് അവൾ എണ്ണി നോക്കി. എല്ലാം നൂറിന്റെ നോട്ടുകൾ മാത്രം. കൂലി ഉൾപ്പെടെ ആകെ എണ്ണൂറു രൂപ. അവൾ ആദ്യം സ്വഗ്ഗത്തേക്കു നോക്കി കരഞ്ഞു പോയി. അത്രയും വലിയ തുക ജീവിതത്തിൽ ആദ്യമായാണ് അവൾ കാണുന്നത്. പിന്നീടു തോന്നി ‘എന്നാലും അവർ ഓരോരുത്തരും അഞ്ഞൂറിന്റെ നോട്ട് തന്നില്ലല്ലോ.’

ആകെ മൂന്നു മാസം അവർ അവിടെ താമസിച്ചു. ഈ മൂന്നു മാസം മുഴുവനും അവളെ അവർ ജോലിക്ക നിത്തിയില്ല. വെറും രണ്ടു ദിവസം നിന്നപ്പോൾ മാത്രം ഇത്രേം പണം. അവൾക്ക് വിശ്വസിക്കാൻ പറ്റിയില്ല.

ഇതെല്ലാം കൂടാതെ അമ്മാമ്മയും മകളും മരുമകളും ഓരോ നല്ല സാരിയും കൊടുത്തു. നല്ല പുത്തൻപൊലത്ത സിൽക്കു സാരി. കാഞ്ചിപുരിയും ബനാറസ്സും സാരികൾ തന്നെ. അതും അണിഞ്ഞ് പള്ളിയിൽ പോകാൻ അവൾ ഞായറാഴ്ച വരാൻ കാത്തിരുന്നു.

ഈ വീടു് അവിടെ ഉള്ളടത്തോളം കാലം അവർ പിന്നെയും പിന്നെയും വഷം തോറും വരുമെന്ന് അവൾ പ്രതീക്ഷിച്ചു. അവർ പോകാൻ നേരം ഈ വീട് പൊന്നുപോലെ നോക്കിക്കൊള്ളണമെന്നവരെല്ലാവരും പ്രത്യേകം പ്രത്യേകം പറഞ്ഞു. തീച്ചയായും സ്വണ്ണം പോലെ അവൾ നോക്കുമെന്ന് പ്രതിജ്ഞയും ചെയ്തു.

അടുത്ത പ്രാവശ്യം വരുമ്പോൾ മുതൽ അവർ വിളിക്കാതെ തന്നെ നേരത്തെ വന്ന് അവിടമെല്ലാം വൃത്തിയാക്കി കൊടുക്കുകയും അവക്ക് വേണ്ടതെല്ലാം ചെയ്തു കൊടുക്കയും വേണമെന്ന് അവൾ തീരുമാനിച്ചു. അങ്ങിനെ ഒരായിരം സ്വപ്നങ്ങൾ കണ്ട് അവൾ ദിനരാത്രങ്ങൾ കഴിച്ചു കൂട്ടി.

അവർ പോയ് ഏകദേശം ആറു മാസം കഴിഞ്ഞപ്പോൾ അവരുടെ വീടും പുരയിടവും എല്ലാം വേറേ ആരോ വിലയ്ക്കു വാങ്ങി; താമസമാക്കി. അങ്ങേ വീട്ടിലെ അമ്മാമ്മയോടു ചോദിച്ചപ്പോൾ നല്ല ലാഭം കിട്ടിയപ്പോൾ അവർ ആ വീടും പുരയിടവും വിറ്റു; അമേരിക്കയിലെ സാധനങ്ങൾ എല്ലാം അങ്ങേവീട്ടിലെ അമ്മാമ്മയുടെ അവിടാക്കി. ഇനിയും എപ്പോഴെങ്കിലും അവർ നാട്ടിൽ വരാൻ തീരുമാനിക്കുമ്പോൾ ഇതുപോലെ വേറേ എവിടെയെങ്കിലും പുതിയ പു

രയിടവും വാങ്ങി പുത്തൻ വീടു പണിത് താമസിച്ചിട്ട് പോകുമെന്ന് മനസ്സിലായി. അപ്പോൾ ഇതാണ് യാഥാർത്ഥ് അമേരിക്കക്കാരുടെ ജീവിതമെന്ന് അവൾക്കു ഗ്രഹിക്കാൻ കഴിഞ്ഞു. ഇത്രയും അടിപൊളി ജീവിതം കഴിച്ചിട്ടു പോലും അവർ ആ വീടു വിറ്റു കിട്ടിയ ലാഭത്തിന്റെ ഒരംശം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നാർക്കും മനസ്സിലാക്കാമല്ലോ. □